സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 211 2024 ഡിസംബർ 11 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഗതാഗതം തടസപ്പെടുത്തി വീണ്ടും സമരം, നടപ്പാത കൈയേറി, നിയമലംഘനം സെക്രട്ടേറിയറ്റിന് മുന്നിൽ

തിരു: സെക്രട്ടേറിയറ്റിന് മുന്നിൽ ഗതാഗതം തടസപ്പെടുത്തിക്കൊണ്ട് സിപിഐ പോഷക സംഘടനയുടെ സമരം. ജോയിൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവീസ് ഓർഗനൈസേഷൻസാണ് സമരം നടത്തിയത്. വഞ്ചിയൂരിൽ സി.പി.എം. ഏരിയ സമ്മളനത്തിനായി റോഡ് കയ്യേറി സ്റ്റേജ് കെട്ടിയ സംഭവത്തിൽ വിവാദങ്ങൾ കെട്ടടങ്ങുന്നതിന് മുമ്പാണ് ഹൈക്കോടതിയുടെ വിമർശനങ്ങൾ പോലും ചെവിക്കൊള്ളാതെ വീണ്ടും സമാനമായ സമരം. ഇതോടെ വിഷയത്തിൽ കന്റോൺമെന്റ് പോലീസ് കേസെടുത്തിട്ടുണ്ട്. കണ്ടാലറിയുന്ന നൂറ് പേർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്. കാൽനടയാത്രക്കാർക്കുള്ള നടപ്പാത കൈയ്യേറിയാണ് സമരം. അനുമതി വാങ്ങാതെയാണ് സമരം എന്നാണ് പുറത്തുവരുന്ന വിവരം.

ഉപതിരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കി യുഡിഎഫ്; (17–11–3) മൂന്നിടത്ത് എൽഡിഎഫിന് ഭരണം പോകും

തിരു: സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് നേട്ടം. യുഡിഎഫ് 17 സീറ്റുകളിൽ വിജയിച്ചപ്പോൾ എൽഡിഎഫ് 11 സീറ്റുകളാണ് നേടിയത്. ബിജെപിക്ക് മൂന്ന് സീറ്റുകളിൽ വിജയിക്കാനായി. എൽഡിഎഫ് 15, യുഡിഎഫ് 13, ബിജെപി 3 എന്നിങ്ങനെയായിരുന്നു തിരഞ്ഞെടുപ്പിനുള്ള മുമ്പുള്ള സ്ഥിതി. യുഡിഎഫ് സീറ്റ് പിടിച്ചെടുത്തതോടെ തൃശൂർ ജില്ലയിലെ നാട്ടിക, പാലക്കാട് ജില്ലയിലെ തച്ചമ്പാറ, ഇടുക്കി കരിമണ്ണൂർ പഞ്ചായത്തുകളിൽ എൽഡിഎഫിന് ഭരണവും നഷ്ടമാകും.

നാട്ടികയിൽ ഇതുവരെ എൽ.ഡി.എഫ് 5, യു.ഡി.എഫ് 5എന്ന അവസ്ഥയായിരുന്നു. എന്നാലിപ്പോൾ യു.ഡി.എഫിന് 6 സീറ്റ് ലഭിച്ചിരിക്കുകയാണ്. നാട്ടിക ഒൻപതാം വാർഡാണിപ്പോൾ യു.ഡി.എഫ് തിരിച്ചു പിടിച്ചിരിക്കുന്നത്. മുൻ പഞ്ചായത്ത് പ്രസിഡന്റ് കൂടിയായ പി. ബിനു 115 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് സീറ്റ് സ്വന്തമാക്കിയത്.

ഇടുക്കി കരിമണ്ണൂർ പഞ്ചായത്തിൽ പന്നൂർ വാർഡാണ് യു.ഡി.എഫ് പിടിച്ചെടുത്തത്. 127 വോട്ടുകൾക്കാണ് യു.ഡി.എഫിലെ ദിലീപ് കുമാർ വാർഡ് പിടിച്ചെടുത്തത്. യു.ഡി.എഫിലെ ഒരംഗം കൂറുമാറിയതിനെ തുടർന്നാണിവിടെ ഭരണം നഷ്ടമായത്.

പലാക്കാട് തച്ചമ്പാറയിൽ 7–7 എന്ന നിലയിലാണ് യു.ഡി.എഫും എൽ.ഡി.എഫും നിലനിന്നത്. ഇപ്പോഴത് യു.ഡി.എഫിന് എട്ട് സീറ്റായി മാറി.

തിരഞ്ഞെടുപ്പ് ഫലം പൂർണ്ണരൂപത്തിൽ

തിരുവനന്തപുരം

1–തിരുവനന്തപുരം വെള്ളറട പഞ്ചായത്തിലെ കരിക്കാമൻകോഡ് വാർഡ് ബിജെപി നിലനിർത്തി. ബിജെപിയിലെ അഖില മനോജ് 130 വോട്ടുകൾക്കാണ് വിജയിച്ചത്.

കൊല്ലം

2–വെസ്റ്റ് കല്ലട പഞ്ചായത്തിലെ നടുവിലക്കര വാർഡ് കോൺഗ്രസിൽനിന്ന് എൽഡിഎഫ് പിടിച്ചെടുത്തു. സിപിഐയിലെ സിന്ധു 92 വോട്ടുകൾക്ക് ഇവിടെനിന്ന് വിജയിച്ചു. ബിജെപി രണ്ടാം സ്ഥാനത്തെത്തിയപ്പോൾ കോൺഗ്രസ് മൂന്നാമതായി.

3–കുന്നത്തൂർ പഞ്ചായത്തിലെ തെറ്റിമുറി വാർഡ് എൽഡിഎഫ് പിടിച്ചെടുത്തു. എൻഡിഎ സിറ്റിങ് സീറ്റ് സീറ്റായിരുന്നു ഇത്. സിപിഎം സ്ഥാനാർഥി എൻ.തുളസി 164 വോട്ടുകൾക്ക് വിജയിച്ചു. സിറ്റിങ് സീറ്റിൽ ബിജെപി മൂന്നാം സ്ഥാനത്തായി. കോൺഗ്രസാണ് രണ്ടാമത്.

4–ഏരൂർ പഞ്ചായത്തിലെ ആലഞ്ചേരി വാർഡ് സിപിഎം നിലനിർത്തി. സിപിഎം സ്ഥാനാർഥി മഞ്ജു 87 വോട്ടുകൾക്ക് വിജയിച്ചു. ബിജെപിയുടെ ഷൈനി രണ്ടാമതായി.

5–തേവലക്കര പഞ്ചായത്തിലെ കോയിവിള തെക്ക് യുഡിഎഫ് സിറ്റിങ് സീറ്റ് എൽഡിഎഫ് പിടിച്ചെടുത്തു.സിപിഎമ്മിലെ അജിത 108 വോട്ടുകൾക്ക് കോൺഗ്രസിലെ സാന്ദ്രയെ തോൽപ്പിച്ചു

6–തേവലക്കര പഞ്ചായത്തിലെ പാലക്കൽ വടക്ക് എൽഡിഎഫ് സിറ്റിങ് സീറ്റ് കോൺഗ്രസ് പിടിച്ചെടുത്തു. കോൺഗ്രസിലെ ബിസ്മി അനസ് 148 വോട്ടുകൾക്ക് സിപിഎമ്മിലെ സുബിനയെ ആണ് തോൽപ്പിച്ചത്

7–ചടയമംഗലം പഞ്ചായത്തിലെ പൂങ്കോട് സിപിഎം സിറ്റിങ് സീറ്റ് യുഡിഎഫ് പിടിച്ചെടുത്തു. കോൺഗ്രസിലെ അഡ്വ.ഉഷാ ബോസ് 43 വോട്ടിന് സിപിഎം സ്ഥാനാർഥി ഗ്രീഷ്മാ ചൂഡനെ തോൽപ്പിച്ചു

പത്തനംതിട്ട

8– കോന്നി ബ്ലോക്ക് പഞ്ചായത്ത് ഇളകൊള്ളൂർ ഡിവിഷനിൽ യുഡിഎഫ് നിലനിർത്തി. കോൺഗ്രസ് സ്ഥാനാർത്ഥി ജോളി ഡാനിയൽ 1209 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു.

9– പന്തളം ബ്ലോക്ക്പഞ്ചായത്തിലെ വല്ലന വാർഡ് യുഡിഎഫ് നിലനിർത്തി. കോൺഗ്രസിലെ ശരത് മോഹൻ 245 വോട്ടുകൾക്ക് വിജയിച്ചു

10–നിരണം പഞ്ചായത്തിലെ കിഴക്കുംമുറി എൽഡിഎഫിൽ നിന്ന് യുഡിഎഫ് പിടിച്ചെടുത്തു. കോൺഗ്രസിലെ മാത്യു ബേബി 214 വോട്ടുകൾക്ക് വിജയിച്ചു. എൽഡിഎഫ് 28 വർഷമായി ജയിക്കുന്ന സീറ്റാണിത്

11–എഴുമറ്റൂർ പഞ്ചായത്തിലെ ഇരുമ്പുകുഴി വാർഡിൽ ബിജെപിക്ക് വിജയം. യുഡിഎഫ് സിറ്റിങ് സീറ്റാണ് ബിജെപി പിടിച്ചെടുത്തത്. ബിജെപിയിലെ റാണി 48 വോട്ടുകൾക്കാണ് വിജയിച്ചത്.

12–അരുവാപ്പുലം പഞ്ചായത്തിലെ പുളിഞ്ചാണി വാർഡ് സിപിഎം നിലനിർത്തി. സിപിഎമ്മിലെ മിനി രാജീവ് 106 വോട്ടുകൾക്ക് ആർഎസ്പിയുടെ മായയെയാണ് തോൽപ്പിച്ചത്.

ആലപ്പുഴ

13– ആര്യാട് ബ്ലോക്ക് പഞ്ചായത്തിലെ വളവനാട് വാർഡിൽ സിപിഎം വിജയിച്ചു. സിപിഎം സിറ്റിങ് സീറ്റാണിത്. സിപിഎമ്മിലെ അരുൺദേവ് 1911 വോട്ടുകൾക്കാണ് വിജയിച്ചത്.

14–പത്തിയൂർ പഞ്ചായത്തിലെ എരുവ വാർഡ് സിപിഎമ്മിൽ നിന്ന് കോൺഗ്രസ് പിടിച്ചെടുത്തു. കോൺഗ്രസിലെ ദീപക് 99 വോട്ടുകൾക്ക് സിപിഎമ്മിലെ ശിവശങ്കരപ്പിള്ളയെ തോൽപ്പിച്ചു.

സിപിഎം വിട്ട് ബിജെപിയിലേക്ക് പോയ ജില്ലാ പഞ്ചായത്ത് അംഗം ബിബിൻ സി.ബാബുവിന്റെ നാടാണ് പത്തിയൂർ

കോട്ടയം

15– ഈരാറ്റുപേട്ട നഗരസഭയിലെ കുഴിവേലി ഡിവിഷൻ യുഡിഎഫ് നിലനിർത്തി. യുഡിഎഫ് സ്വതന്ത്ര സ്ഥാനാർഥി റുബീന നാസർ 100 വോട്ടുകൾക്കാണ് വിജയിച്ചത്. എസ്ഡിപിഐ ആണ് രണ്ടാം സ്ഥാനത്ത്.

16– അതിരമ്പുഴ പഞ്ചായത്തിലെ ഐടിഐ വാർഡ് യുഡിഎഫിൽനിന്ന് എൽഡിഎഫ് പിടിച്ചെടുത്തു. കേരള കോൺഗ്രസ് എമ്മിലെ മാത്യു ടി.ഡി 216 വോട്ടുകൾക്ക് വിജയിച്ചു.

ഇടുക്കി

17–ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ കഞ്ഞിക്കുഴി വാർഡ് യുഡിഎഫ് നിലനിർത്തി. കോൺഗ്രസ് സ്ഥാനാർഥി സാന്ദ്രമോൾ ജിന്നി 753 വോട്ടുകൾക്ക് വിജയിച്ചു

18– ഇടുക്കി കരിമണ്ണൂർ പഞ്ചായത്തിലെ പന്നൂർ വാർഡ് എൽഡി എഫിൽനിന്ന് യുഡിഎഫ് പിടിച്ചെടുത്തു. കോൺഗ്രസിലെ ദിലീപ്കുമാർ 177 വോട്ടുകൾ സിപിഎം സ്ഥാനാർഥി ജെയിനിനെ തോൽപ്പിച്ചു.

തൃശൂർ

19– കൊടുങ്ങല്ലൂർ നഗരസഭയിലെ ചേരമാൻ ജുമാ മസജിദ് വാർഡിൽ ബി.ജെ.പി. സ്ഥാനാർഥി ഗീതാ റാണി വിജയിച്ചു. 66 വോട്ടുകൾക്ക് ബി.ജെ.പി. സീറ്റ് നിലനിർത്തുകയായിരുന്നു.

20– ചൊവ്വന്നൂർ പഞ്ചായത്തിലെ മൂന്നാം വാർഡ്–പൂശപ്പിള്ളി ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വിജയിച്ചു. 25 വോട്ടുകൾക്കാണ് കോൺഗ്രസിലെ സെബി വിജയിച്ചത്.

21–നാട്ടിക പഞ്ചായത്തിലെ ഗോഖലെ വാർഡ് സിപിഎമ്മിൽ നിന്ന് കോൺഗ്രസ് പിടിച്ചെടുത്തു. കോൺഗ്രസ് സ്ഥാനാർഥി പി.വിനു 115 വോട്ടുകൾക്ക് സിപിഎമ്മിലെ വി.ശ്രീകുമാറിനെയാണ് തോൽപിച്ത്

പാലക്കാട്

22– ചാലിശ്ശേരി പഞ്ചായത്തിലെ ചാലിശ്ശേരി മെയിൻ റോഡ് വാർഡ് യു ഡി എഫ് നിലനിർത്തി. കോൺഗ്രസിലെ സുജിത 104 വോട്ടുകൾക്ക് വിജയിച്ചു

23– തച്ചമ്പാറ പഞ്ചായത്തിലെ കോഴിയോട് എൽഡിഎഫ് സിറ്റിങ് സീറ്റ് യുഡിഎഫ് പിടിച്ചെടുത്തു. കോൺഗ്രസിലെ അലി തേക്കത്ത് 28 വോട്ടുകൾക്കാണ് സീറ്റ് പിടിച്ചെടുത്തത്.

24– കൊടുവായൂർ പഞ്ചായത്തിലെ കോളോട് സിപിഎം സിറ്റിങ് സീറ്റ് നിലനിർത്തി. സിപിഎമ്മിലെ എ.മുരളീധരൻ 108 വോട്ടുകൾക്ക് വിജയിച്ചു

മലപ്പുറം

25– മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് യുഡിഎഫ് നിലനിർത്തി.

26– മഞ്ചേരി നഗരസഭയിലെ കരുവമ്പ്രം ഡിവിഷൻ സിപിഎമ്മിൽ നിന്ന് കോൺഗ്രസ് പിടിച്ചെടുത്തു. കോൺഗ്രസ് സ്ഥാനാർഥി ഫൈസൽ മോൻ 43 വോട്ടുകൾക്ക് സിപിഎമ്മിലെ വിബിനെ പരാജയപ്പെടുത്തി

27– തൃക്കലങ്ങോട് പഞ്ചായത്തിലെ മരത്താണി വാർഡ് സിപിഎമ്മിൽനിന്ന് യുഡിഎഫ് പിടിച്ചെടുത്തു. 550 വോട്ടിന്റെ ഭൂരിപക്ഷത്തിന് ലീഗിലെ ലൈലജലീൽ വിജയിച്ചു.

28– ആലംകോട് പഞ്ചായത്തിലെ പെരുമുക്ക് വാർഡ് യുഡിഎഫിൽനിന്ന് സിപിഎം പിടിച്ചെടുത്തു. സിപിഎമ്മിലെ അബ്ദുറു 410 വോട്ടിനാണ് കോൺഗ്രസിലെ അലിയെ തോൽപ്പിച്ചത്.

കോഴിക്കോട്

29–കാരശ്ശേരി പഞ്ചായത്തിലെ ആനയാംകുന്ന് വെസ്റ്റ് വാർഡ് കോൺഗ്രസ്സ് സിറ്റിങ് നിലനിർത്തി. കോൺഗ്രസിന്റെ കൃഷ്ണദാസൻ കുന്നുമ്മൽ 234 വോട്ടുകൾക്ക് വിജയിച്ചു.

കണ്ണൂർ

30– മാടായി പഞ്ചായത്തിലെ മാടായി –എൽഡിഎഫ് സിറ്റിങ് നിലനിർത്തി.സിപിഎം സ്ഥാനാർഥി മണി പവിത്രൻ 234 വോട്ടുകൾക്ക് വിജയിച്ചു.

31– കണിച്ചാർ പഞ്ചായത്തിലെ ചെങ്ങോം എൽഡിഎഫ് സിറ്റിങ് നിലനിർത്തി. ചെങ്ങോം വാർഡിൽ സിപിഎമ്മിലെ രതീഷ് 199 വോട്ടുകൾക്കും വിജയിച്ചു.

ഫോണിലെ അപകട ദൃശ്യങ്ങൾ കണ്ടെത്തി, ആൽവിനെ ഇടിച്ച ബെൻസിന് ഇൻഷുറൻസില്ല

കോഴിക്കോട്: റീൽസ് ചിത്രീകരണത്തിനിടയിൽ ബീച്ച് റോഡിൽ 20കാരൻ കാറിടിച്ച് മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. അന്വേഷണ ഉദ്യോഗസ്ഥർ തന്നെയാണ് വിവരങ്ങൾ മാദ്ധ്യമങ്ങളോട് പറഞ്ഞത്. ബെൻസും ഡിഫൻഡറും തമ്മിൽ ചേസിംഗ് നടത്തുന്നത് ഫോണിൽ പകർത്തുന്നതിനിടയിലാണ് ആൽവിന് അപകടം സംഭവിച്ചത്. ഡിഫൻഡർ ഇടിച്ചാണ് യുവാവിന് അപകടം സംഭവിച്ചതെന്നാണ് രണ്ട് വാഹനങ്ങളുടെയും ഡ്രൈവർമാർ ആദ്യം പൊലീസിനോട് പറഞ്ഞിരുന്നത്. വിശദമായ ചോദ്യം ചെയ്യലിൽ നിന്ന് കൂടുതൽ വിവരങ്ങൾ കണ്ടെത്തുകയായിരുന്നുവെന്ന് സിഐ വ്യക്തമാക്കി.

'ആരാണ് വാഹനം ഓടിച്ചതെന്നും എത് വാഹനമാണ് ഇടിച്ചതെന്നുമുള്ള കാര്യത്തിൽ വ്യക്തത വന്നിട്ടുണ്ട്. ഇന്നലെ രാവിലെ 7മണിയോടെയാണ് 2 വാഹനങ്ങളുടെ ഡ്രൈവർമാരും ആൽവിനും സംഭവസ്ഥലത്തെത്തിയത്. റോഡിൽ തനിക്കുനേരെ വാഹനം വന്നപ്പോൾ യുവാവിന് കൃത്യസമയത്ത് മാറിപോകാൻ സാധിക്കാതെ വന്നതോടെയാണ് അപകടം സംഭവിച്ചത്. വാഹനങ്ങളെയും ഡ്രൈവർമാരെയും ഇന്നലെ തന്നെ കസ്റ്റഡിയിൽ എടുത്തിരുന്നു. ഏത് വാഹനമിടിച്ചാണ് യുവാവ് മരിച്ചതെന്ന സംശയം

ഉണ്ടായിരുന്നു. ഡിഫൻഡറിടിച്ചാണ് അപകടം സംഭവിച്ചതെന്ന് ആദ്യം പറഞ്ഞതെങ്കിലും പിന്നാലെ ബെൻസിടിച്ചാണ് ആൽവിൻ മരിച്ചതെന്ന് കണ്ടെത്തുകയായിരുന്നു.

തെലങ്കാന രജിസ്ട്രേഷനിലുള്ള ബെൻസിന് ഇൻഷുറൻസ് ഇല്ലായിരുന്നു. അതുകൊണ്ടാണ് ഡിഫൻഡർ ഇടിച്ചതാണെന്ന് ഡ്രൈവർമാർ പറഞ്ഞത്. സ്ഥാപനത്തിന്റെ ഉടമ സാബത്ത് റഹ്മാനാണ് ബെൻസ് ഓടിച്ചത്. ഷൂട്ട് ചെയ്ത ഫോണും കണ്ടെത്തി. അതിൽ നിന്നും അപകടത്തിന്റെ ദൃശ്യങ്ങളും ശേഖരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്കെതിരെ മനപൂർവമല്ലാത്ത നരഹത്യയ്ക്ക് കേസെടുത്തിട്ടുണ്ട്. ഇതിനോടൊപ്പം ഇൻഷുറൻസ് ഇല്ലാത്ത വാഹനം ഓടിച്ചതിനും കേസെടുക്കും. കൂടുതൽ വിവരങ്ങൾക്കായി തെലങ്കാന പൊലീസുമായി ബന്ധപ്പെടും'–സിഐ പറഞ്ഞു.

നിലവിൽ കാറോടിച്ചിരുന്ന സാബിത്തും ഇടശേരി സ്വദേശി മുഹമ്മദ് റബീസും പൊലീസ് കസ്റ്റഡിയിലാണ്. കൂടുതൽ വിവരങ്ങൾ സ്ഥിരീകരിച്ചതിനുശേഷം അറസ്റ്റ് രേഖപ്പെടുത്തുമെന്നാണ് വിവരം.

സിറിയയിൽ നിന്നും 75 ഇന്ത്യക്കാരെ ഒഴിപ്പിച്ചു, കൂട്ടത്തിൽ ജമ്മുകാശ്മീരിൽ നിന്നുള്ള തീർത്ഥാടകരും

ഡമാസ്കസ്: ബാഷർ അൽ അസദ് സർക്കാരിനെ തന്ത്രപരമായി അട്ടിമറിച്ച് വിമതർ ഭരണം പിടിച്ചെടുത്ത സിറിയയിൽ നിന്നും 75ഓളം ഇന്ത്യക്കാരെ ഒഴിപ്പിച്ചു. ഇന്ത്യൻ പൗരൻമാർ സുരക്ഷിതമായി ലെബനൻ അതിർത്തി കടന്നെന്നും ഇവരെ സുരക്ഷിതമായി വിമാനമാർഗം ഇന്ത്യയിലേക്കെത്തിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം കഴിഞ്ഞ ദിവസം രാത്രി അറിയിച്ചു.

സെയ്ദ സൈനബിൽ കുടുങ്ങിയ ജമ്മുകാശ്മീരിൽ നിന്നുള്ള 44 സൈറീനുകളും (തീർത്ഥാടകരും) ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മന്ത്രാലയം വ്യക്തമാക്കി.

ഹേമ കമ്മിറ്റി റിപ്പോർട്ട്: ആകെ 33 കേസ്, ഒറ്റ അതിജീവിതയുടെ പരാതിയിൽ 11 കേസ്

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ വിവരങ്ങൾ നൽകി പ്രത്യേക അന്വേഷണ സംഘം. റിപ്പോർട്ടിൽ 33 കേസുകളാണ് നിലവിലുള്ളതെന്ന് പ്രത്യേക സംഘം അറിയിച്ചു. ഇതിൽ 11 കേസുകൾ ഒരു അതിജീവിതയുടെ പരാതിയിലാണെന്നും പോലീസ് വ്യക്തമാക്കി.

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഒരുകൂട്ടം ഹർജികളാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനുമുന്നിലുള്ളത്. പ്രത്യേക ബെഞ്ച് ഹൈക്കോടതി നേരത്തേ രൂപവത്കരിച്ചിരുന്നു. കേസുകളിലെ അന്വേഷണ പുരോഗതി അറിയിക്കണമെന്ന് പ്രത്യേക അന്വേഷണസംഘത്തോട് കോടതി ആവശ്യപ്പെട്ടിരുന്നു. നാലുകേസുകൾ വ്യക്തമായ തെളിവില്ലാത്തതിനാൽ അവസാനിപ്പിച്ച നിലയിലാണെന്നും അവർ ഹൈക്കോടതിയെ അറിയിച്ചു.

ഏറ്റവും പ്രാധാന്യമർഹിക്കുന്ന രണ്ട് ഹർജികൾ ഡിവിഷൻ ബെഞ്ചിനുമുന്നിൽ വന്നവയിലുണ്ട്. ഇതിലൊരെണ്ണം ഡബ്ല്യു.സി.സി നൽകിയതാണ്. ചലച്ചിത്ര മേഖലയിൽ ഇടക്കാല പെരുമാറ്റച്ചട്ടം കൊണ്ടുവരണമെന്നാണ് ഈ ഹർജിയിൽ അവർ ആവശ്യപ്പെടുന്നത്. എല്ലാ പരാതിക്കാരെയും ഹേമാ കമ്മിറ്റി കേട്ടോ എന്ന കാര്യത്തിൽ സംഘടന സംശയവും പ്രകടിപ്പിച്ചിട്ടുണ്ട്.

ഹേമാ കമ്മിറ്റിക്ക് മുമ്പാകെ മൊഴി നൽകിയവർക്ക് ഭീഷണി സന്ദേശം വന്നു എന്നതിൽ നോഡൽ ഓഫീസറെ നിയമിക്കാൻ ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ സർക്കാർ നടപടിയെടുത്തിട്ടുണ്ടെന്നാണ് വിവരം.

പ്രതിഷേധിക്കാൻ രാഹുൽ ഗാന്ധിക്ക് ആയുധം റോസാപ്പൂവ്

ന്യൂഡൽഹി: പാർലമെന്റ് വളപ്പിൽ വ്യത്യസ്ത പ്രതിഷേധവുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. പ്രതിരോധമന്ത്രി രാജ്നാഥ് സിംഗിന് റോസാപ്പൂവും തൃവർണ പതാകയും നൽകിയായിരുന്നു രാഹുലിന്റെ വേറിട്ട പ്രതിഷേധം.

മറ്റ് കോൺഗ്രസ് നേതാക്കളും ഒപ്പം ഉണ്ടായിരുന്നു. കൈക്കൂലി ആരോപണം നേരിടുന്ന അദാനിക്കെതിരെയുള്ള ചർച്ചകൾ കേന്ദ്രസർക്കാർ ഒഴിവാക്കുന്നു എന്നാരോപിച്ച് പാർലമെന്റിന് പുറത്ത് പ്രതിപക്ഷം പ്രതിഷേധിക്കുന്നതിനിടയാണ് പാർലമെന്റ് സമ്മേളനത്തിൽ പങ്കെടുക്കാനായി രാജ്നാഥ് സിംഗ് കാറിൽ വന്നിറങ്ങിയത്.

കൊടകരയിൽ വൻ കഞ്ചാവ് വേട്ട

കൊടകര: 22.5 കിലോ കഞ്ചാവ് ഒരാൾ പിടിയിൽ. പൂപ്പത്തി നെടുംപറമ്പിൽ വീട്ടിൽ ഷാജിയാണ് അറസ്റ്റിലായത്. ചാലക്കുടി ഡി വൈ എസ് പി. യുടെ നേതൃത്വത്തിലുള്ള സ്കാഡാണ് പിടികൂടിയത്.

തിരക്ക് നിയന്ത്രിക്കാൻ പൂജാ സമയം മാറ്റാനാകില്ല

ന്യൂഡൽഹി: ഗുരുവായൂർ ക്ഷേത്രത്തിലെ വൃശ്ചികമാസ ഏകാദശിയിലെ ഉദയാസ്തമയ പൂജ മാറ്റിയ നടപടിയെ വാക്കാൽ വിമർശിച്ച് സുപ്രീം കോടതി. തിരക്ക് നിയന്ത്രിക്കുന്നതിന്റെ പേരിൽ ആരാധന മൂർത്തിയുടെ അവകാശങ്ങൾ നിഷേധിക്കാൻ ആകില്ലെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു. ആചാരങ്ങൾ അതേപടി തുടരേണ്ടതായിരുന്നുവെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. ഉദയാസ്തമയ പൂജ തുലാമാസത്തിലേക്ക് മാറ്റിയതിന് എതിരായ ഹർജിയിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിക്കും, തന്ത്രിക്കും നോട്ടീസ് അയച്ചു.

ആചാരങ്ങൾ മാറ്റുന്നത് ദൈവഹിതത്തിന് എതിരാകുമെന്ന് ചൂണ്ടിക്കാട്ടി പുഴക്കര ചേന്നാസ് ഇല്ലത്തെ അംഗങ്ങൾ നൽകിയ ഹർജിയിലാണ് ജസ്റ്റിസ് മാരായ ജെ കെ മഹേശ്വരി, രാജേഷ് ബിന്ദാൽ എന്നിവർ അടങ്ങിയ ബെഞ്ച് നോട്ടീസ് അയച്ചത്. അഷ്ടമംഗല്യ പ്രശ്നത്തിന് ശേഷമേ ഗുരുവായൂരിലെ പൂജകളിൽ മാറ്റം കൊണ്ട് വരാൻ സാധിക്കുകയുള്ളു എന്ന് ഹർജിക്കാർക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സി എസ് വൈദ്യനാഥൻ ചൂണ്ടിക്കാട്ടി. എന്നാൽ അഷ്ടമംഗല്യ പ്രശ്നം നടത്തത്തെയാണ് നിലവിൽ വൃശ്ചിക മാസത്തിലെ ഏകാദശി നാളിലെ ഉദയാസ്തമയ പൂജ തുലാം മാസത്തിലെ ഏകാദശി നാളിൽ നടത്താൻ തീരുമാനിച്ചത് എന്നും

തന്ത്രിക്കും ഗുരുവായൂർ ഭരണസമിതിക്കും വിമർശനം

അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ തന്ത്രിയുടെ അഭിപ്രായംകൂടി പരിഗണിച്ചശേഷമാണ് ഉദയാസ്തമയ പൂജ മറ്റൊരു ദിവസത്തേക്ക് മാറ്റിയത് എന്ന് ഗുരുവായൂർ ഭരണസമിതി സുപ്രീം കോടതിയെ അറിയിച്ചു. തന്ത്രിക്ക് ഏകപക്ഷീയമായി ഇത്തരം തീരുമാനം എടുക്കാൻ കഴിയുമോയെന്ന് ബെഞ്ചിന് നേതൃത്വം നൽകിയ ജസ്റ്റിസ് ജെ കെ മഹേശ്വരി ആരാഞ്ഞു. ഭരണസമിതി തന്ത്രിയുടെ പക്ഷം ചേരുകയാണോ എന്നും സുപ്രീം കോടതി ആരാഞ്ഞു. ക്ഷേത്രങ്ങളിൽ നടക്കുന്ന പൂജകൾ ആരാധന മൂർത്തിയുടെ അവകാശം ആണെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

ഗുരുവായൂരിൽ നിലവിൽ നടത്തുന്ന പൂജകൾ സംബന്ധിച്ച പട്ടിക വെബ് സൈറ്റിൽ ഉണ്ടെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി.അതുപോലെതന്നെ നിലനിർത്തണം എന്ന് സുപ്രീം കോടതി നിർദേശിച്ചു. സീനിയർ അഭിഭാഷകൻ സി.എസ് വൈദ്യനാഥന് പുറമെ അഭിഭാഷകൻ എ കാർത്തിക്കും ഹർജിക്കാർക്ക് വേണ്ടി സുപ്രീം കോടതിയിൽ ഹാജരായി. സീനിയർ അഭിഭാഷകൻ പി വി ദിനേശ്, അഭിഭാഷകൻ എം എൽ ജിഷ്ണു എന്നിവരാണ് ദേവസ്വം ഭരണസമിതിക്ക് വേണ്ടി ഹാജരായത്.

കോൺഗ്രസുമായി സഖ്യമില്ലെന്ന് എഎപി

ഡൽഹി: നിയമസഭ തിരഞ്ഞെടുപ്പിൽ കോൺഗ്രസുമായി സഖ്യമില്ലെന്നാവർത്തിച്ച് ആം ആദ്മി പാർട്ടി. സ്വന്തം ശക്തികൊണ്ട് ആം ആദ്മി പാർട്ടി തിരഞ്ഞെടുപ്പിനെ നേരിടും. സഖ്യത്തിന് ഒരു സാധ്യതയില്ലെന്നും അരവിന്ദ് കേജ്രിവാൾ വ്യക്തമാക്കി. നേരത്തെ കോൺഗ്രസും എഎപിയും സീറ്റ് വിഭജനത്തിൽ അന്തിമ ധാരണയിലേക്ക് എത്തിയതായി വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തിരുന്നു. ഈ റിപ്പോർട്ട് പങ്കുവച്ചാണ് കേജ്രിവാൾ സഖ്യസാധ്യത തള്ളിയത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ഡൽഹി നിയമസഭ തിരഞ്ഞെടുപ്പ്.

കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിൽ ആകെയുള്ള 70 സീറ്റിൽ 62ലും ആം ആദ്മി പാർട്ടിയാണ് വിജയിച്ചത്. കോൺഗ്രസിന് ഒരൊറ്റ സീറ്റുപോലും കഴിഞ്ഞ രണ്ട് തിരഞ്ഞെടുപ്പിലും ലഭിച്ചിട്ടില്ല. 18 സിറ്റിങ് എംഎൽഎമാരെ മാറ്റി പുതുമുഖങ്ങളുമായാണ് ആം ആദ്മി പാർട്ടി ഡൽഹി നിയമസഭ തിരഞ്ഞെടുപ്പിൽ 31 സീറ്റിൽ സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്.

മൂന്നുതവണയായി ഡൽഹിയിൽ അധികാരത്തിലിരിക്കുന്ന ആം ആദ്മി പാർട്ടി ഭരണവിരുദ്ധ വികാരം മറികടക്കാനാണ് പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഇത്രയേറെ സിറ്റിങ് എംഎൽഎമാരെ മാറ്റിയത്. സീറ്റ് നിഷേധിച്ചതിൽ പ്രതിഷേധിച്ച് ആപ്പിന്റെ സീലംപൂർ എംഎൽഎ അബ്ദുൽ റഹ്മാൻ ഇന്നലെ കോൺഗ്രസിൽ ചേർന്നിരുന്നു.

വർണ്ണക്കുട 2024 സ്വാഗതസംഘം ഓഫീസ് പ്രവർത്തനമാരംഭിച്ചു

ഇരിങ്ങാലക്കുട: ഡിസംബർ 26 മുതൽ 29 വരെ നീണ്ടുനിൽക്കുന്ന ഇരിങ്ങാലക്കുടയുടെ സാംസ്കാരികോത്സവമായ വർണക

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഗുരുവായൂർ ഏകാദശി സപ്ലിമെന്റ്

ഇന്ന് ഗുരുവായൂർ ഏകാദശി

ഗുരുപവനപുരിയിൽ ഇന്ന് ഏകാദശി. വ്രതശുദ്ധിയോടെ ഭക്തജന സഹസ്രങ്ങൾ ഇന്ന് വാതാലയേശന്റെ തിരുനടയിൽ ഏകാദശി വ്രതവുമായി ഒത്തുചേരുന്നു. ഭഗവത്ദർശനത്തിനായി ഇന്ന് എല്ലാ കൈവഴികളും ഭൂലോകവൈകുണ്ഠമായ ഗുരുപവനപുരിയിലേക്ക് ഒഴുകിയെത്തുന്നു. ഗുരുവായൂരിന്റെ വീഥികളിൽ നിറഞ്ഞൊഴുകുന്ന ജനസഞ്ചയം ഗുരുവായുപുരേശന്റെ കരുണാമൃതം ആവോളം നുകർന്ന് സംതൃപ്തിയടയുന്നു. വൃശ്ചികമാസത്തെ വെളുത്തപക്ഷ ഏകാദശിയാണ് ഗുരുവായൂർ ഏകാദശിയായി ആഘോഷിക്കുന്നത്. നിരവധി പുണ്യസംഭവങ്ങളുടെ സംഗമമാണ് ഏകാദശി ദിനം. അർജുനന് ശ്രീകൃഷ്ണ ഭഗവാൻ ഭഗവദ്ഗീത ഉപദേശിച്ചത് ഈ ദിനത്തിലാണ്. ഇതിനാൽ ഏകാദശി ദിവസം ഗീതാദിനമായും ആഘോഷിച്ച് വരുന്നുണ്ട്. ദേവഗുരുവും വായുദേവനും ചേർന്ന് ഗുരുവായൂരിൽ പ്രതിഷ്ഠ നടത്തിയത് ഏകാദശി ദിനത്തിലാണെന്നാണ് വിശ്വാസം. ഇതിനാൽ ഗുരുവായൂർ ക്ഷേത്രത്തിൽ ഏകാദശി ദിനം പ്രതിഷ്ഠാദിനമായും ആഘോഷിക്കും. മേൽപ്പത്തൂർ നാരായണൻ ഭട്ടതിരിപ്പാട് നാരായണീയം എഴുതിത്തീർത്ത് ഗുരുവായൂരപ്പന് സമർപ്പിച്ചതും ഏകാദശി ദിനത്തിലാണ്. ഗജരാജൻ ഗുരുവായൂർ കേശവൻ ഗുരുവായൂരപ്പനിൽ വിലയം പ്രാപിച്ചതും ഏകാദശി ദിനത്തിൽ പ്രഭാതത്തിലാണ്. വൃശ്ചികമാസത്തിൽ വെളുത്ത പക്ഷത്തിൽ വരുന്ന ഗുരുവായൂർ ഏകാദശി കോടിക്കണക്കായ പാപങ്ങളെ നശിപ്പിക്കാൻ പര്യാപ്തമാകുമെന്നാണ് വിശ്വാസം. പാപഭാരങ്ങൾ ഗുരുവായൂരപ്പന്റെ തിരുനടയിൽ കൊഴിച്ചുകളഞ്ഞ് നിർവൃതിയോടെ മടങ്ങാൻ പതിനായിരങ്ങളാണ് ഇന്ന് ഭൂലോകവൈകുണ്ഠത്തിലെത്തിയിരിക്കുന്നത്. പണ്ഡിത പാമര ഭേദമെന്യെ പരസഹസ്രം ഭക്തന്മാർ കോടക്കാർവർണ്ണനെ കണ്ട് പുണ്യം നേടാൻ ആ ദിവ്യസന്നിധിയിലേക്ക് ദശമി ദിനമായ ഇന്നലെ മുതൽ തന്നെ പ്രവഹിക്കാൻ തുടങ്ങി. കാരണം, ആ സുമുഹൂർത്തത്തിന്റെ പ്രാധാന്യം തന്നെ. ഏകാദശി വ്രതം എവിടെവെച്ച് അനുഷ്ഠിച്ചാലും ശ്രേയസ്കരമാണ്. വിശിഷ്യ വിഷ്ണു സന്നിധിയിൽ സത്കർമ്മാനുഷ്ഠാനത്തിന്റെ ഫലം അനന്തമാണ് എന്നാണ് വിശ്വാസം. ഭൂരിപക്ഷം, അംബരീക്ഷപക്ഷം, രുഗ്മാംഗദപക്ഷം എന്നിങ്ങനെ മൂന്ന് വിധത്തിൽ ഏകാദശി ആചരണമുണ്ട്. ഇതിൽ രുഗ്മാംഗദ പക്ഷത്തിന് വൈഷ്ണവ പക്ഷം എന്നും പറയും. ഈ പക്ഷമാണ് ഗുരുവായൂരിൽ പ്രധാനം. ഗ്രഹണകാലത്ത് ഗംഗ, യമുന, സരസ്വതി, മുതലായ നദികളിൽ സ്നാനം ചെയ്താലുണ്ടാകുന്ന പുണ്യം അനായാസേന ഏകാദശി വ്രതമനുഷ്ഠിച്ചാൽ സിദ്ധിക്കുമെന്നാണ് പറയപ്പെടുന്നത്. ഏകാദശി നാളിൽ തുളസീദളം കൊണ്ട് ഭഗവാനെ ആരാധിക്കുന്നതായാൽ ഓരോ ദളത്തിനും കോടിയാഗം അനുഷ്ഠിച്ചാലത്തെ ഫലമാകുന്നു ലഭിക്കുക. ഈ സുദിനത്തിൽ ഹരിയെ പൂജിക്കുകയും നെയ്‌വിളക്ക് കത്തിക്കുകയും തിരുനാമം ജപിക്കുകയും ചെയ്യുന്നവർ സുകൃതികളാണ്. അവരെ ഒരിക്കലും നരകത്തിലേക്ക് കൊണ്ടുവരരുതെന്ന് യമധർമ്മരാജാവ് തന്റെ കിങ്കരന്മാരോട് സദാ താക്കീതു ചെയ്തുകൊണ്ടിരിക്കുന്നതായിട്ടാണ് പുരാണങ്ങളിലും പ്രസ്താവിച്ചിരിക്കുന്നത്.

മുപ്പത് ദിവസം നീണ്ട് നിന്ന ഏകാദശി വിളക്കാഘോഷത്തിന് ഏകാദശി ദിനത്തിൽ ദേവസ്വത്തിന്റെ വിളക്കാഘോഷത്തോടെ സമാപനമാകും. ഉദയാസ്തമനപൂജയോടെയാണ് ഏകാദശി ദിവസത്തെ വിളക്കാഘോഷം. ദേവസ്വം ചെലവിൽ ഏകാദശി ദിവസം മാത്രമാണ് ഉദയാസ്തമനപൂജ പതിവ്. 1971 വരെ ചെറളയം രാജകുടുംബം വകയായിരുന്നു ഈ വഴിപാട്. ആ കാലത്ത് ഏകാദശി ആഘോഷത്തിനും, സദ്യക്കും വേണ്ട എല്ലാ സാധനങ്ങളും കുന്നംകുളത്തിനടുത്തുള്ള ചെറളയം കോവിലകത്തുനിന്ന് കൊണ്ടുവരികയായിരുന്നു പതിവ്. ഭൂപരിഷ്കരണ നിയമം മൂലം വരുമാനം ഇല്ലാതായപ്പോഴാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ആ സമ്പ്രദായം നിന്നുപോയത്. പിന്നീട് ദേവസ്വം നേരിട്ടാണ് ഏകാദശി ആഘോഷം നടത്തിവരുന്നത്. ക്ഷേത്ര പ്രവേശന വിളംബരത്തിന് മുമ്പുള്ള കാലത്തും ദശമി, ഏകാദശി ദിവസങ്ങളിൽ ഹിന്ദുക്കളായ ഏവർക്കും ക്ഷേത്രദർശന ത്തിന് അനുമതി നൽകിയിരുന്നു. ദ്വാദശി നാൾ രാവിലെ വരെയായിരുന്നു ഈ സൗകര്യം അനുവദിച്ചിരുന്നത്. അതിനു പുറമെ ഏകാദശി നാളിൽ രാവിലെ ഭഗവാൻ പുറത്തേക്ക് എഴുന്നള്ളി കിഴക്കേ നടയിൽ പൊളിച്ചുപോയ വഴിയമ്പലം വരെ ചെന്ന് ഭക്തരെ അനുഗ്രഹിക്കുന്ന ചടങ്ങും ഉണ്ടായിരുന്നു. ഇപ്പോൾ ആ എഴുന്നള്ളത്ത് പാർത്ഥസാരഥി ക്ഷേത്രം വരെയായി നീട്ടിയിട്ടുണ്ട്. പഞ്ചവാദ്യം, ഗജവീരന്മാർ എന്നിവയോടെ നടക്കുന്ന എഴുന്നള്ളത്ത് ഉച്ചയോടെ ക്ഷേത്രത്തിൽ തിരിച്ചെത്തും. അതിനു മുൻപായി ക്ഷേത്രത്തിൽ ഉദയാസ്തമനപൂജാ ചടങ്ങുകൾ ആരംഭിച്ചിരിക്കും. ഏകാദശി ദിവസം ഉദയാസ്തമനപൂജാ ചടങ്ങുകൾ ഉച്ചതിരിയുന്നതുവരെയുണ്ടാകും. രാവിലെ ഗുരുവായൂരപ്പന്റെ എഴുന്നള്ളത്ത് പാർത്ഥസാരഥി ക്ഷേത്രത്തിലേക്കെന്നപോലെ സന്ധ്യക്ക് പാർത്ഥനും, പാർത്ഥസാരഥിയും രഥത്തിലേറി പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും ഗുരുവായൂർ ക്ഷേത്രത്തിലേക്കും എഴുന്നള്ളും. പഞ്ചവാദ്യം, നാഗസ്വരം എന്നിവയോടെയുള്ള ഘോഷയാത്രക്ക് നാമസങ്കീർത്തനത്തോടെ ഭക്തജനസഹസ്രങ്ങൾ അകമ്പടി സേവിക്കുന്നതാണ്. സന്ധ്യക്ക് ദീപാരാധനന, ദീപാലങ്കാരം, തായമ്പക, അത്താഴപൂജ എന്നിവയും കഴിഞ്ഞാൽ പതിനൊന്ന് മണിയോടെ ശീവേലിയും തുടർന്ന് ഏകാദശി വിളക്കും നടക്കുന്നതാണ്. വിളക്ക് കഴിയുന്നതോടെ വീണ്ടും കുളിക്കാനുള്ള സമയമാകും.

നിർമ്മല്യദർശനം കഴിഞ്ഞാൽ കൂത്തമ്പലത്തിൽ ദ്വാദശി പണസമർപ്പണത്തിന് ശേഷം രവിലെ 9 മണിയോടെ ക്ഷേത്ര നടയടക്കും. പിന്നീടുള്ള പൂജ, ശീവേലി എന്നിവ ഉച്ചതിരിഞ്ഞ് മൂന്നരയ്ക്ക് ക്ഷേത്ര നട തുറന്ന ശേഷമേ നടക്കുകയുള്ളൂ.

– ലക്ഷ്മി ദേവി

ഗുരുവായൂർ ഏകാദശിക്ക് വൻ ഭക്തജനത്തിരക്ക്

ഗുരുവായൂർ: ഗുരുവായൂർ ഏകാദശി തൊഴാൻ പതിനായിരങ്ങളെത്തി. ഭഗവാൻ കൃഷ്ണൻ അർജ്ജുനന് ഗീതോപദേശം നൽകിയ ദിവസമായതിനാൽ ഗീതാദിനം കൂടിയാണിന്ന്. ഗുരുവും വായുവും ചേർന്ന് ഗുരുവായൂരിൽ വിഗ്രഹം പ്രതിഷ്ഠിച്ചതും ഏകാദശി ദിനത്തിലാണ്. അതിനാൽ പ്രതിഷ്ഠാദിനവും ഇന്നാണ്. ദശമിദിനമായ ഇന്നലെ വൈകുന്നേരം തന്നെ ഗുരുവായൂരിലേക്ക് ഭക്തജനപ്രവാഹം തുടങ്ങി. ഏകാദശി വിളക്ക് ഉദയാസ്തമനപൂജയോടെ ദേവസ്വം വകയാണ്. രാവിലെ മേളത്തോടെയുള്ള ശീവേലിക്ക് ശേഷം പാർത്ഥസാരഥി ക്ഷേത്രത്തിലേക്ക് തിടമ്പില്ലാത്ത എഴുന്നള്ളിപ്പ് നടന്നു. 12 മണിക്ക് തിരിച്ചെത്തി. ഗജരത്നം പത്മനാദൻ കോലം വഹിച്ചു. ഉച്ചതിരിഞ്ഞ് പതിവ് ശീവേലിമാത്രമെ ഉാകൂ. രാത്രി പത്തരയോടെ ഏകാദശി വിളക്ക് ആരംഭിക്കും.

ഏകാദശി ആശംസകൾ

കൊള്ളന്നൂർ ദേവസ്സി സൺസ്

തൃശൂർ * കൊച്ചി * കോഴിക്കോട്

ഏകാദശി ആശംസകൾ

കാരുണ്യ

കുറീസ് (P) ലിമിറ്റഡ്

Head Office: Karunya Chambers, Opp. Police Club, HIGH ROAD, THRISSUR-680001.
Ph: 2442515. Branch Office: Faridabad

Chairman THOMAS KOLLANNUR | Managing Director JOSE A. KOLLANNUR

ഏകാദശി ആശംസകളോടെ

Sitaram AYURVEDA

സീതാറാം ആയുർവേദ

സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

വെളിയന്നൂർ റോഡ്, തൃശൂർ – 680021

Ph:9072664664

ബുക്കിംഗിന് സമയം രാവിലെ 10 മുതൽ 5 വരെ

ഏകാദശി ആശംസകൾ

പത്മവ്യൂഹം ഭേദിച്ച്

13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ

മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാന കാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവത യാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.

പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ **'ബ്രേവിംഗ് ഓഡ്സ്'** 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.

ഫോൺ: 9745561241

അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം



പത്മവ്യൂഹം ഭേദിച്ച്

മാണി പയസ്

ഏകാദശി ആശംസകൾ

TITAN UP TO 30% OFF* TERMS & CONDITIONS

NEW KERALA TIME HOUSE

ROUND WEST, PAZHAYA NADAKKAVU, THRISSUR

pbptcr@gmail.com Tel: 0487 2422563

ഏകാദശി

ആശംസകൾ

Jayasree LODGE

East Nada, GURUVAYOOR, PIN - 680 101

Phone : 0487 - 2554080

ഏകാദശി ആശംസകൾ

hotel bharath

Chembottil Lane TRICHUR - 680 001

Phone: 0487-2421720

hotelbharathtcr@gmail.com